**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാരുണ്യ @ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ദെലീമ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വയോജനങ്ങൾക്ക് മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും വീട്ടിലെത്തിച്ച് നൽകുന്നതിനായി കാരുണ്യ @ ഹോം എന്ന പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി വഴി വയോജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ; | (എ) | പൊതുവിപണിയിലേതിനേക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്. എയർബെഡ് മുതലായവയും കോവിഡ് പ്രതിരോധ സാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ആവശ്യാനുസരണം വിതരണം ചെയ്തു വരുന്നുണ്ട്. "കോവിഡിനൊപ്പം സുരക്ഷിതമായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ @ ഹോം" എന്ന ഒരു പുതിയ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.<br><br>മുതിർന്ന പൗരന്മാർക്ക് ഫാർമസിയിലെത്താതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സാമ്പത്തിക ലാഭത്തോടൊപ്പം "കോവിഡിനൊപ്പം സുരക്ഷിതമായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലിയ്ക്കായി ഈ പദ്ധതി സഹായകരമാകും. തിരക്കേറിയ ആധുനിക ജീവിതത്തിൽ ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി ഒരു കൈത്താങ്ങായിരിക്കും. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ വിലയേക്കാൾ 1% അധിക വിലക്കിഴിവോടു കൂടി, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും കൊറിയർ മുഖാന്തിരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കി കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു കൊടുക്കുന്നു. ഇതു സംബന്ധിച്ച് രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | www.khome.kmscl.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. |
| (ബി) | മുതിർന്ന പൗരന്മാരുടെ പ്രധാന ആവശ്യങ്ങളായ കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ എന്നിവ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ; | (ബി) | മുതിർന്നപൗരന്മാർക്ക് കൃത്രിമ ദന്തങ്ങൾ വച്ച് നൽകുന്ന മന്ദഹാസം പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും, പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരുമായ മുതിർന്ന പൗരന്മാർക്ക് (60 വയസ്സ് കഴിഞ്ഞവർക്ക്) സൗജന്യമായി ദന്തനിര വെച്ച് നൽകുന്ന പദ്ധതി 2018-19 ൽ സാമൂഹ്യനീതി വകുപ്പ് ആരംഭിക്കുകയുണ്ടായി. ആരോഗ്യ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിക്കായി ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖാന്തിരം അപേക്ഷ സ്വീകരിക്കുകയും, ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ് നിശ്ചയിച്ചു നൽകിയ ദന്ത ഡോക്ടർ എന്നിവരടങ്ങുന്ന സമിതി അപേക്ഷ പരിശോധിച്ച് അർഹതാ മാനദണ്ഡങ്ങൾക്കു വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പ്രസ്തുത വ്യക്തികൾക്ക് എംപാനൽ ചെയ്ത സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി ദന്തനിര വച്ചുകൊടുക്കുകയാണ് ചെയ്തു വരുന്നത്. പദ്ധതി നടത്തിപ്പിനുള്ള ഫണ്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസ് മുഖാന്തിരം എംപാനൽ ചെയ്ത സ്ഥാപനത്തിന് (സർക്കാർ/സ്വകാര്യ ആശുപത്രിക്ക്) അനുവദിച്ചു വരുന്നു.<br><br>മുതിർന്ന പൗരന്മാർക്ക് ശ്രവണസഹായി നൽകുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 40 ശതമാനത്തിനു മുകളിൽ ഭിന്നശേഷിത്വമുള്ള ഭിന്നശേഷിക്കാർക്ക് ശ്രവണസഹായി സൗജന്യമായി വിതരണം ചെയ്തു വരുന്നു. ആയതിന് നിർദ്ദിഷ്ട അപേക്ഷഫോറം പൂരിപ്പിച്ച് ENT ഡോക്ടറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി മെഡിക്കൽ ബോർഡ് നൽകിയ ഭിന്നശേഷിത്വ സർട്ടിഫിക്കറ്റിന്റെയും റേഷൻ കാർഡിന്റെ 1,2 പേജുകളുടെ പകർപ്പ് ,2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം സമർപ്പിക്കുകയാണെങ്കിൽ ശ്രവണ സഹായി ലഭിക്കുന്നതാണ്.<br><br>കേന്ദ്രസർക്കാരിന്റെ ADIP പദ്ധതി വഴി ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഉള്ള വ്യക്തികൾക്ക് പദ്ധതിയുടെ നിബന്ധനകൾക്കനുസൃതമായി സൗജന്യമായി ശ്രവണ സഹായികൾ നിഷ് മുഖാന്തിരം വിതരണം ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (സി) | വയോജനങ്ങളെ പരിചരിക്കുന്ന സാന്ത്വന പ്രവര്‍ത്തകര്‍ക്ക് ആവശ്യമായ പരിശീലനം നല്‍കുന്നതിനുള്ള കോഴ്സുകള്‍ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കാമോ? | (സി) | വയോജനങ്ങളെ പരിചരിക്കുന്നതിന് പരിശീലനം ലഭിച്ച സാന്ത്വന പ്രവര്‍ത്തകരുടെ സേവനം സാമൂഹ്യനീതി വകുപ്പ് വഴി നിലവില്‍ നല്‍കുന്നില്ല. നിഷ്, സാങ്കേതിക സര്‍വകലാശാലകള്‍ എന്നിവയുടെ സഹകരണത്തോടെ പരിചാരക പരിശീലന പരിപാടികള്‍ ആരംഭിക്കുന്നതാണ് എന്ന് ബഹു. ഗവര്‍ണറുടെ 2022 ലെ നയപ്രഖ്യാപനത്തില്‍ പറഞ്ഞതിന്‍പ്രകാരം ആവശ്യമായ ചര്‍ച്ചകള്‍ നടത്തി, മാര്‍ഗരേഖകള്‍ തയ്യാറാക്കി ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍